(എഫ്) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ജി) കഴിഞ്ഞ അഞ്ചു വർഷം സ്പോർട്സ് കൗൺസിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ എന്തെങ്കിലും അപാകത ചൂണ്ടിക്കാണിച്ച് ഏതെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതേക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. 15.6.1974 -ലെ ജി.ഒ.(പി) നം 148/74/പി.ഡി. പ്രകാരമുള്ള ഉത്തരവനുസരിച്ചാണ് കേരള സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നത്.

(ബി) കൗൺസിലിൽ ഗവൺമെന്റ് പ്രതിനിധികളായി താഴെപ്പറയുന്നവരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
2. ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ(എക്സ്പെന്റിച്ചർ) വകുപ്പ്.
3. പോലീസ് ഡയറക്ടർ ജനറൽ.
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.
5. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്.

(സി) സ്പോർട്സ് കൗൺസിലിന്റെ ഭരണപരമായ കാര്യങ്ങൾ സുഗമമായും നിയമാനുസൃതവുമായി നടത്തുന്നതിലേയ്ക്കായിട്ടാണ് ഗവൺമെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നത്.

(ഡി) ഗവൺമെന്റ് പ്രതിനിധികൾ ചില യോഗങ്ങളിൽ പങ്കെടുക്കാറില്ല.

(ഇ,എഫ്)കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്.

(ജി,എച്ച്) ഉണ്ട്. കോച്ചുകളുടെ സെലക്ഷനിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ.ജെ.സി.മധുകുമാർ, പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമ സമിതിക്ക് പരാതി നല്കിയിരുന്നു. ഇത് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചു.18.12.99 ലെ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നീന്തൽ താരം ശ്രീ ജെ. സി.മധുകുമാറിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് സ്പോർട്സ്കൗൺസിൽ നിയമിച്ചിട്ടുണ്ട്.

**172(200) സംസ്ഥാന സ്പോർട്സ് കൗൺസിൽ**

ശ്രീ.കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഗവൺമെന്റിൽ നിന്നും നല്കുന്ന ധനസഹായത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) സ്പോർട്സ്കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ഭേദഗതി ഉൾക്കൊള്ളുന്ന കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തികമായ ഇടപാടുകളിലും നിയമന വ്യവസ്ഥകളിലും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങൾ ലംഘിച്ചു പ്രവർത്തിക്കാൻ കൗൺസിലിന് അധികാരം നല്കിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിയമത്തിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(ഡി) കൗൺസിലിൽ ഗവൺമെന്റിന്റെ പ്രതിനിധികളുണ്ടോ; എങ്കിൽ ആരെല്ലാം;

(ഇ) നയപരമായ തീരുമാനങ്ങൾ എടുക്കുമ്പോൾ ഗവൺമെന്റ് പ്രതിനിധികൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(എഫ്) ഇല്ലെങ്കിൽ സർക്കാർ നയത്തിലും പൊതു നിയമസാമ്പത്തിക വ്യവസ്ഥകൾക്കും എതിരെ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ തടയുന്നതിന് ഗവൺമെന്റിന് എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്ന് വിശദമാക്കുമോ;

(ജി) ഉയർന്ന പ്രായപരിധി നിശ്ചയിക്കാതെ കൗൺസിൽ സ്ഥിരനിയമനം നടത്തിയതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഗവൺമെന്റിന്റെ സാമ്പത്തിക അച്ചടക്ക നിയമങ്ങൾ ലംഘിച്ച് കൗൺസിൽ അംഗങ്ങൾ വിദേശയാത്രയ്ക്ക് തീരുമാനമെടുത്തവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) നിർണ്ണായകമായ ഇത്തരം തീരുമാനങ്ങൾ എടുക്കുമ്പോൾ ബന്ധപ്പെട്ട ഗവൺമെന്റ് പ്രതിനിധികൾ പങ്കെടുക്കാറില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) സ്പോർട്സ് കൗൺസിൽ നിയമ വിരുദ്ധ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അതു പരിശോധിക്കാനും പ്രവർത്തനങ്ങളിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാനും തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന് 2000-2001 വർഷത്തെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റായി പ്ലാൻ ഇനത്തിൽ 470 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 181 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സിന്തറ്റിക്ക് ട്രാക്കിടുന്നതിലേയ്ക്കായി 50 ലക്ഷം രൂപ അനുവദിക്കുന്നതാണെന്ന് ധനകാര്യവകുപ്പു മന്ത്രി അദ്ദേഹത്തിന്റെ 2000-2001 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും പ്ലാൻ ഇനത്തിൽ 3,13,32,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 1,14,66,500 രൂപയും ഒന്നും രണ്ടും ഗഡുക്കളായി അനുവദിച്ചുനല്കിയിട്ടുണ്ട്.

(ബി) 15.6.1994 ലെ ജി.ഒ(പി) നമ്പർ 148/74/പി.ഡി. പ്രകാരം അംഗീകരിച്ച കേരളാ സ്പോർട്സ് കൗൺസിൽ (പുനർ ഘടനയും പ്രവർത്തനങ്ങളും) റൂൾസ് 1994 (1996 മാർച്ച മാസം വരെ ഭേദഗതി ചെയ്തത്) അനുബന്ധമായി വച്ചിട്ടുണ്ട്.*

---

* അനുബന്ധം xxx (a,b)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. കേരളാ സ്പോർട്സ് കൗൺസിൽ നിയമാവലിയ്ക്കും സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കുന്ന ചട്ടങ്ങൾക്കും വിധേയമായാണ് കൗൺസിൽ സാമ്പത്തിക ഇടപാടുകളും നിയമനങ്ങളും നടത്തുന്നത്.

(ഡി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല

(എച്ച്,ഐ) സാമ്പത്തിക നിയന്ത്രണത്തിൽ അയവു വരുത്തി സർക്കാർ അനുമതി പ്രകാരമാണ് വിദേശ യാത്രകൾ നടത്തിയിട്ടുള്ളത്.

(ജെ) പരാതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**173(201) കോൺട്രാക്ട് അടിസ്ഥാനത്തിൽ കോച്ചുമാരുടെ നിയമനം**

ശ്രീ. ഇ.എം.അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കേരളാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ കോച്ചുമാരെ നിയമിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിരുന്നുവോ;

(ബി) എങ്കിൽ ആ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു; നിയമന കാലാവധി എത്ര വർഷമായിരുന്നു;

(സി) ഇവരെ സ്ഥിരപ്പെടുത്താൻ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ സ്ഥിരപ്പെടുത്തുന്നത് ക്രമപ്രകാരമാണെന്ന് നിയമ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(ഇ) സ്ഥിരപ്പെടുത്തൽ സംബന്ധിച്ച സ്റ്റാൻഡിംഗ് കൗൺസിൽ യോഗത്തിൽ ഗവൺമെന്റ് പ്രതിനിധികളായിട്ടുള്ള ആരെല്ലാം പങ്കെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരിൽ 40 വയസ്സ് കഴിഞ്ഞ എത്ര പേരുണ്ട്;

(ജി) ഇതിൽ സൈനിക/ അർദ്ധ സൈനിക വിഭാഗത്തിൽ നിന്നും ആരോഗ്യപരമായ കാരണങ്ങളാൽ ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട ആരെങ്കിലും ഉൾപ്പെടുന്നുണ്ടോ;

(എച്ച്) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ; ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഐ) അനാരോഗ്യംമൂലം ഗവൺമെന്റ് സർവ്വീസിൽ നിന്നും വിടുതൽ ചെയ്തയാളെ സ്പോർട്സ് കോച്ചാക്കി നിയമിക്കുന്നതിന് അനുവദിക്കുന്ന റഗുലേഷന്റെ പ്രസക്ത ചട്ടം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

**XXVI. Headquarters :**

The head quarters of the State Sports Council shall be situated at Trivandrum and the Headquarters of the District Sports Council at the headquarters of the respective Districts.

**XXVII. Financial year**

The financial year of the State and District Sports Council shall be from 1st April to 31st March following.

XXVIII. The existing Office bearers shall be deemed to be the Office-bearers of the Sports Council in the corresponding offices, constituted under these Rules, until new appointment under the Rules take place.

## അനുബന്ധം-XXX (b)

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 172 (200)-ാം നമ്പർ ചോദ്യം
ദയവായി കാണുക

1) ഗവൺമെന്റ് സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ്

2) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ (എക്സ്പെന്റിച്ചർ) വകുപ്പ്.

3) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

4) ഡയറക്ടർ, പബ്ലിക്ക് ഇൻസ്ട്രക്ഷൻ

5) പോലീസ് ഡയറക്ടർ ജനറൽ

## അനുബന്ധം-XXXI

1999-ലെ കേരള സ്പോർട്സ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

*1999-ലെ കേരള സ്പോർട്സ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ഘടന*

| | | | |
|---|---|---|---|
| 1 | ശ്രീ.വി.സി. കബീർ | ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി | ചെയർമാൻ |
| 2 | ശ്രീ.ചെർക്കളം അബ്ദുള്ള | എം.എൽ.എ. | അംഗം |
| 3 | ശ്രീ.വി.ബാലറാം | " | " |
| 4 | ശ്രീ.പി.കെ.കെ.ബാവ | " | " |
| 5 | ശ്രീ.വെങ്ങാനൂർ പി. ഭാസ്കരൻ | " | " |
| 6 | ശ്രീ.എം.ദാസൻ | " | " |
| 7 | ശ്രീ.പി.സി.ജോർജ്ജ് | " | " |
| 8 | ശ്രീ.ജോൺ ഫെർണാണ്ടസ് | " | " |
| 9 | ശ്രീ.ജോസ് ബേബി | " | " |
| 10 | ശ്രീ.പി.ജെ.ജോയി | " | " |
| 11 | ശ്രീ.ടി.നാണു മാസ്റ്റർ | " | " |
| *12 | ശ്രീ.സി.കെ.നാണു | " | " |
| 13 | ശ്രീ.എം.നാരായണൻ(കുഴൽമന്ദം) | " | " |

2/89/05/S.M.T.-48

LIBRARY ARCHIVES Kerala Legislative Assembly